ടവർ, വർഷം ഒരു കോടി രൂപയെങ്കിലും വേണം. ഇത് ഹൗസിംഗ് ബോർഡിന് ബാദ്ധ്യതയാകുമായിരുന്നു. 40 കോടി രൂപ ഒരു വർഷം ബാദ്ധ്യതയുണ്ടായാലുള്ള ഹൗസിംഗ് ബോർഡിന്റെ സ്ഥിതി അറിയാമല്ലോ? അതുകൊണ്ട് ഒരു ഘട്ടത്തിലെത്തിയത് ഒഴിച്ച് ബാക്കിയെല്ലാം ക്യാൻസൽ ചെയ്തു. കാഞ്ഞിരപ്പള്ളിയുടെ കാര്യത്തിൽ 1997-ൽ തന്നെ A.S. issue ചെയ്തു. ഇപ്പോൾ 216 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തന്നിരിക്കുകയാണ്. പക്ഷേ വർക്ക് തുടങ്ങണമെങ്കിൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരിക്കണം. 216 കോടി രൂപയുടെ 20 ശതമാനമെന്ന് പറഞ്ഞാൽ 42 ലക്ഷം രൂപ ബഡ്ജറ്റിലുണ്ടാകണം. 14.7 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിലുള്ളൂ. എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ബഡ്ജറ്റിൽ വകകൊള്ളിക്കാതെ ഒന്നും ചെയ്യാൻ കഴിയില്ല. കാഞ്ഞിരപ്പള്ളിയിൽ ഒരു സിവിൽ സ്റ്റേഷനുണ്ടാകേണ്ടതാവശ്യമാണ് അതിൽ ഞാനും പൂർണ്ണമായി യോജിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി വച്ചിരിക്കുകയാണ്. 20 ശതമാനം പ്രൊവിഷനുണ്ടായാൽ അപ്പോൾ പണി തുടങ്ങാം. ധനകാര്യവകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തു തീരുമാനമെടുക്കാം.

(5) കോട്ടപ്പുറം പാലം പുതുക്കിപ്പണിയേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ബാലറാം : എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടത്തിക്കോട്, എരുമപ്പെട്ടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേജർ ഡിസ്ട്രിക്ട് റോഡിലുള്ള ഒരു പാലം തകർന്നിട്ട് രണ്ട് വർഷമായി. എട്ട് സ്വകാര്യ ബസ്സുകൾ അതിൽക്കൂടി സർവ്വീസ് നടത്തുന്നുണ്ട്. അത് മാത്രമല്ല തൃശൂർ മെഡിക്കൽ കോളേജിലേയ്ക്കും വിദ്യാലയങ്ങളിലേയ്ക്കും തൊഴിൽശാലകളിലേക്കും വരുന്ന വളരെയധികം ആളുകൾ ആശ്രയിക്കുന്ന ഈ പാലം രണ്ട് വർഷമായി തകർന്ന് കിടക്കുകയാണ്. കഴിഞ്ഞ ഒരു ദിവസം സ്പീക്കർ അവിടെ വന്നപ്പോൾ അദ്ദേഹത്തിനും ബോധ്യപ്പെട്ട ഒരു കാര്യമാണ് ഇത്. നൂറു വർഷം പഴക്കമുള്ള പാലമാണ്. അതിന് ഭരണാനുമതി കിട്ടിയിട്ടില്ല. 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യവും ഇതേ സബ്മിഷൻ അവതരിപ്പിച്ചപ്പോൾ മന്ത്രി ഉറപ്പ് നൽകിയതാണ്, ഉടനെ പാലം പുതുക്കിപ്പണിയാനുള്ള നടപടിയെടുക്കാമെന്ന്. ഇത്തവണയെങ്കിലും ആ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടിയെടുക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇതു വളരെ ശരിയായിട്ടുള്ള ഒരു കാര്യമാണ്. ആ എസ്റ്റിമേറ്റ് ഇവിടെ എത്തിയിട്ടേയുള്ളൂ. അടിയന്തിരമായി ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അതിന്റെ പണി നടത്താനുള്ള സൗകര്യമുണ്ടാക്കാം.

(6) തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, തിരുവനന്തപുരം സ്പിന്നിംഗ് മിൽ ഒന്നരവർഷകാലമായി അടച്ചുപൂട്ടിയിരിക്കുകയാണ്. പല പ്രാവശ്യം ഈ സഭയുടെ മുൻപിൽ ഈ പ്രശ്നം അവതരിപ്പിച്ചിട്ടുണ്ട്. 400 കുടുംബങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടും പട്ടിണിയിലാണ്. കാലാകാലങ്ങളിൽ ഗവൺമെന്റ് ഈ സ്ഥാപനത്തെ നിലനിർത്താൻ നടപടിയൊക്കെ സ്വീകരിച്ചിട്ടുണ്ട്. പക്ഷേ അതൊന്നുംതന്നെ ഫലപ്രദമായില്ല എന്നുള്ളതാണ് ഒരു വസ്തുത. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആറ് ഏക്കർ സ്ഥലം വിറ്റ് ഇത് പുനരുദ്ധരിപ്പിക്കുന്നതിന് ചില നടപടികൾ സ്വീകരിച്ചു. ഈ ഗവൺമെന്റുതന്നെ രണ്ട് പ്രാവശ്യം കുറെയേറെ തുകകൾ അനുവദിക്കുകയും ചില നടപടികളൊക്കെ സ്വീകരിക്കുകയും ചെയ്തു: എന്നാൽ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം വേണ്ടത്ര പുരോഗതി നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞില്ല. 1957-ൽ ആരംഭിച്ച ഒരു സ്ഥാപനമാണിത്. ആ പ്രദേശത്തെ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് അന്ന് ഈ സ്ഥാപനം ആരംഭിച്ചത്. അന്ന് ആരംഭിക്കുമ്പോൾ 60-ഉം 80-ഉം കൗണ്ടുള്ള നൂലുകൾ ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. ഇപ്പോൾ അത് അടച്ചുപൂട്ടുമ്പോൾ 40 കൗണ്ടായി മാറി. കാലാനുസൃതമായ യാതൊരു പുരോഗതിയും ഈ സ്ഥാപനത്തിനുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്ന് ഇവിടെ പഴകി ദ്രവിച്ച യന്ത്രസാമഗ്രികളും മെഷീനുമാണുള്ളത്. ഇത് മുഴുവൻ മാറ്റി പുതിയ യന്ത്രവും അതുപോലെ മെഷീനും സ്ഥാപിച്ചില്ലെങ്കിൽ ഇത് നില നിർത്തിക്കൊണ്ട് പോകാൻ കഴിയുകയില്ല. ഈ സ്ഥാപനം ഇൻഡിവിഡുവൽ മാനേജ്മെന്റായിരുന്നപ്പോൾ ഭംഗിയായി പ്രവർത്തിച്ചിരുന്നതാണ്. ഇന്ന് ഇത് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലാണ്. ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ കൊടുത്തപ്പോഴാണ് ഇതിന്റെ ദുഃസ്ഥിതി ആരംഭിച്ചത്. എത്രയും വേഗം ഗവൺമെന്റ് ഇതിനെ പുതിയ പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി അടിയന്തിരമായി ഇത് തുറക്കണമെന്നും ആ തൊഴിലാളികളെ സംരക്ഷിക്കണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോടും വകുപ്പുമന്ത്രിയോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ട്രാവൻകൂർ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം തുടർച്ചയായിട്ട് നഷ്ടത്തിലാണ്. പ്രവർത്തനമൂലധനം പൂർണ്ണമായും ഇല്ലാതാകുകയും അസംസ്കൃതവസ്തുവായ പഞ്ഞിയും ഉൽപ്പാദനത്തിനാവശ്യമായ വൈദ്യുതിയും ലഭ്യമാകാതെ വരുകയും ചെയ്തതിനാലാണ് 1998 സെപ്റ്റംബർ മാസം മുതൽ മില്ലിന്റെ പ്രവർത്തനം പൂർണ്ണമായും നിർത്തി വയ്ക്കേണ്ടി വന്നത്. 22-9-1998 മുതൽ ഈ സ്ഥാപനം ഓഫ് ചെയ്തിരിക്കുകയാണ്. മിൽ തുറന്ന് ലാഭകരമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് 13.27 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുനരുജ്ജീവന പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഈ പദ്ധതി നടത്തിപ്പിനാവശ്യമായ പണം Kerala Industrial Revitalisation Fund Board -ൽ നിന്നും സ്വരൂപിക്കാൻ ഉദ്ദേശിക്കുകയാണ്. ഈ പണം കിട്ടിക്കഴിഞ്ഞാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്.

(7) കർഷകത്തൊഴിലാളികളുടെ കളക്ടറേറ്റ്/സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ ഇരുപത്തിരണ്ട് ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളുടെ സ്ഥിതി പരമ ദയനീയമാണ്, പരിതാപകരമാണ്. അവർക്ക് ഒരു കൊല്ലമായി പെൻഷൻ കിട്ടുന്നില്ല. അവർക്ക് കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly